# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 20.06.2025** **TIME : 07.25 AM**

### പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ബീഹാർ സന്ദർശിക്കും ; 5,900 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

   .Prime Minister Narendra Modi will visit Bihar today; PM will launch various development projects worth Rs 5,900 crore.

2) നിലമ്പൂർ വിധിയെഴുതി ; ഉപതെരഞ്ഞെടുപ്പിൽ പോളിങ് 74.35 ശതമാനം.

   Nilambur castes vote in by-poll with 74.35 poll percent.

3) ഇസ്രയേൽ ഇറാൻ സംഘർഷം രൂക്ഷമായി തുടരുന്നു ; വിഷയം ചർച്ച ചെയ്യാൻ യുഎൻ രക്ഷാസമിതി ഇന്ന് അടിയന്തരയോഗം ചേരും.

   Israel-Iran tension continues to escalate; UN Security Council to hold emergency meeting today to discuss the issue.

4) ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി ഇസ്രയേലിൽ നിന്നുള്ള ഇന്ത്യൻ പൗരന്മാരെയും ഒഴിപ്പിക്കുമെന്ന് കേന്ദ്ര സർക്കാർ.

   Indian citizens from Israel will also be evacuated as part of Operation Sindhu, says Union government.

5) **അഞ്ച് വർഷത്തെ ഇടവേളക്ക് ശേഷം കൈലാസ് - മാനസസരോവർ തീർത്ഥയാത്ര ഇന്ന് ആരംഭിക്കും.**

**Kailash-Mansarovar pilgrimage to begin today after a gap of five years.**

6) **ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം.**

**India-England Test cricket series begins today.**

******************************************

## PM VISIT BIHAR

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ബീഹാർ സന്ദർശിക്കും. 5,900 കോടി രൂപയും വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിക്കും. റെയിൽവെ അടിസ്ഥാന സൗകര്യ വികസനം , പുതിയ വന്ദേഭാരത് എക്സ്പ്രസ് ട്രെയിൻ, നമാമി ഗംഗാ പദ്ധതിയിലുൾപ്പെട്ട വിവിധ പ്രവർത്തനങ്ങൾ, പി.എം. ആവാസ് യോജന ഗുണഭോക്താക്കൾക്കുള്ള ആദ്യ ഗഡു വിതരണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. സിവാൻ ജില്ലയിൽ നടക്കുന്ന പൊതു സമ്മേളനത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

******************************************

## NILABUR POLLING

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ പോളിങ് 74.35 ശതമാനം. കണക്കുകളിൽ ചെറിയ വ്യത്യാസം വരാമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫിസറുടെ ഓഫിസ് വ്യക്തമാക്കി. വോട്ടെണ്ണൽ 23ന് നടക്കും. നിലമ്പൂരിൽ ലോക്സഭാ തിരഞ്ഞെടുപ്പിനെ മറികടക്കുന്ന പോളിങ്ങാണു രേഖപ്പെടുത്തിയത്. 2024 ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ 71.28 ശതമാനവും, 2024 ലെ തന്നെ ലോക്സഭാ ഉപതിരഞ്ഞെടുപ്പിൽ 61.46 ശതമാനവുമായിരുന്നു വയനാട് ലോക്സഭാ മണ്ഡലത്തിൽ ഉൾപ്പെട്ട നിലമ്പൂർ നിയമസഭാ മണ്ഡലത്തിലെ പോളിങ് ശതമാനം.

******************************************

## NILAMBUR – BOOTH

തിങ്കളാഴ്ച നടക്കുന്ന വോട്ടെണ്ണലിനുള്ള മുന്നോരുക്കങ്ങളും മണ്ഡലത്തിൽ ആരംഭിച്ചു. കൗണ്ടിംഗ് സ്റ്റേഷനായ ചുങ്കത്തറ മാർത്തോമാ ഹയർ സെക്കൻഡറി സ്കൂളിൽ 14 ഇവിഎം കൗണ്ടിംഗ് ടേബിളുകളും 5 പോസ്റ്റൽ ബാലറ്റ്/ സർവീസ് വോട്ട് കൗണ്ടിങ് ടേബിളുകളും സജ്ജീകരിക്കും. 263 പോളിംഗ് ബൂത്തുകളിലായാണ് നിലമ്പൂരിൽ വോട്ടെടുപ്പ് നടന്നത്.

***************************************

## BY-ELECTION – OTHER STATE

ഗുജറാത്ത്, പഞ്ചാബ്, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ നാല് നിയമസഭാ മണ്ഡലങ്ങളിലും ഇന്നലെ ഉപതിരഞ്ഞെടുപ്പ് നടന്നു. ഗുജറാത്തിലെ വിസാവ്ദർ മണ്ഡലത്തിൽ 56.89 ശതമാനവും കഡി മണ്ഡലത്തിൽ 57.80 ശതമാനം പോളിങ്ങ് രേഖപ്പെടുത്തി. പഞ്ചാബിലെ ലുധിയാന മണ്ഡലത്തിൽ 51.33 ശതമാനവും പശ്ചിമബംഗാളിലെ കാളിഗഞ്ച് മണ്ഡലത്തിൽ 72.50 ശതമാനവുമാണ് പോളിങ്ങ്.

***************************************

## YOGA DAY (INTRO)

അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച്, ഭൂമിക്കും ഏകാരോഗ്യത്തിനും യോഗ എന്ന പ്രമേയത്തിൽ നാളെ രാജ്യത്തുടനീളം യോഗ പരിപാടികൾ സംഘടിപ്പിക്കും.

(JINGLE)

ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് നടക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. തിരുവനന്തപുരത്ത് നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യനും, കൊച്ചിയിൽ നടക്കുന്ന യോഗദിനാചരണത്തിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയും, മലപ്പുറം കോട്ടക്കലിൽ നടക്കുന്ന

പരിപാടിയിൽ കേന്ദ്ര സഹമന്ത്രി രാംദാസ് അതാവലെയും പങ്കെടുക്കും.

******************************************************

## MORN. EXCLUSIVE-MOS AYUSH

യോഗ ഒരു ദിവസത്തെ മാത്രം പരിപാടിയല്ലെന്നും അത് ഒരു ജീവിതശൈലിയാണെന്നും കേന്ദ്ര സഹമന്ത്രി പ്രതാപ്റാവു ജാദവ്. യോഗ ജീവിതത്തിൽ ഉൾപ്പെടുത്തണമെന്നും കുടുംബത്തിലെ എല്ലാവരെയും യോഗ പരിശീലിക്കാൻ പ്രോത്സാഹിപ്പിക്കണമെന്നും ആകാശവാണിക്കു നൽകിയ പ്രത്യേക അഭിമുഖത്തിൽ അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു.

******************************************************

## TELANGANA- COUNTDOWN IYD

അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ചു ഹൈദരാബാദിൽ ഇന്ന് കേന്ദ്ര കൽക്കരി, ഉരുക്ക് മന്ത്രാലയങ്ങളുടെ നേതൃത്വത്തിൽ 24 മണിക്കൂർ കൗണ്ട്ഡൗൺ പരിപാടി നടക്കും. തെലങ്കാന ഗവർണർ ജിഷ്ണു ദേവ് വർമ്മ, കേന്ദ്ര മന്ത്രി ജി. കിഷൻ റെഡ്ഡി, മുൻ ഉപരാഷ്ട്രപതി എം. വെങ്കയ്യ നായിഡു തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും. യോഗ ദിനമായ നാളെ ചെഗൂരിൽ ദിവ്യാംഗ ശാക്തീകരണ വകുപ്പും, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി എംപവർമെന്റ് ഓഫ് പേഴ്സൺസ് വിത്ത് ഇന്റലക്ച്വൽ ഡിസെബിലിറ്റീസും സംയുക്തമായി സംഘടിപ്പിക്കുന്ന പരിപാടിയിൽ കേന്ദ്രമന്ത്രി വീരേന്ദ്ര കുമാർ പങ്കെടുക്കും.

******************************************************

## MORN. AMIT SHAH-BENGALURU

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ബെംഗളൂരുവിൽ മുതിർന്ന ബിജെപി നേതാവും മുൻ കർണാടക മുഖ്യമന്ത്രിയുമായ ബിഎസ് യെഡിയൂരപ്പയുമായി കൂടിക്കാഴ്ച നടത്തി. ബംഗളുരുവിൽ

ആദിചുഞ്ചനഗിരി സർവകലാശാലയുടെ കാമ്പസ് അദ്ദേഹം ഇന്ന് ഉദ്ഘാടനം ചെയ്യും. മറ്റന്നാൾ രണ്ട് ദിവസത്തെ സന്ദർശനത്തിനായി കേന്ദ്രമന്ത്രി ഛത്തീസ്ഗഡിൽ എത്തും.

*************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും.....

(ബ്രേക്ക്)

*************************************

## IRAN - NETANYAHU (INTRO)

ഇസ്രയേൽ ഇറാൻ സംഘർഷം ഒരാഴ്ച പിന്നിടുമ്പോൾ സ്ഥിതിഗതി കൂടുതൽ കലുഷമായി. ഇന്നലെ തെഹ്റാനിലെയും സമീപ നഗരമായ കരാജിലെയും സർക്കാർ സൗകര്യങ്ങളും വിമാനത്താവളവും ഉൾപ്പെടെ ഇറാനിലുടനീളം തന്ത്രപ്രധാന സ്ഥലങ്ങളെ ഇസ്രയേൽ സൈന്യം ലക്ഷ്യമിട്ടു. തെക്കൻ ഇസ്രയേലിലെ ബീർഷെബയിലുള്ള സൊറോക്ക മെഡിക്കൽ സെന്ററിൽ ഇറാൻ മിസൈലുകൾ പതിച്ചതിന് പിന്നാലെയാണ് ആക്രമണം നടന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി ലേഖകൻ വിനോദ് കുമാർ.......**

(വോയിസ്)

അതേസമയം, ഇറാന്റെ ആവശ്യപ്രകാരം യുഎൻ രക്ഷാസമിതി ഇന്ന് അടിയന്തരയോഗം ചേരും. ഇറാൻ വിദേശകാര്യ മന്ത്രി ഇന്ന് ജനീവയിൽ ജർമനി, ഫ്രാൻസ്, യുകെ വിദേശകാര്യ മന്ത്രിമാരുമായി കൂടിക്കാഴ്ച നടത്തും. എന്നാൽ, അമേരിക്ക സംഘർഷത്തിൽ ചേരുമോ എന്ന കാര്യത്തിൽ രണ്ടാഴ്ചയ്ക്കുള്ളിൽ തീരുമാനം പ്രതീക്ഷിക്കുന്നതായി വൈറ്റ്ഹൗസ് സൂചന നൽകി.

*************************************

## OPERATION SINDHU

ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി ഇസ്രയേലിൽ നിന്നുള്ള ഇന്ത്യൻ പൗരന്മാരെ ഒഴിപ്പിക്കുമെന്ന് കേന്ദ്ര സർക്കാർ. ഇസ്രയേലിൽ നിന്ന് ഇന്ത്യയിലെത്താൻ താല്പര്യമുള്ള പൗരന്മാർക്ക് സുഗമമായ യാത്ര ഉറപ്പാക്കുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു. ഇതിനായി ഇന്ത്യൻ പൗരൻമാർ എംബസിയിൽ രജിസ്റ്റർ ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടെൽ അവീവിലെ ഇന്ത്യൻ എംബസിയിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്. അതേസമയം, വടക്കൻ ഇറാനിൽ നിന്ന് ഒഴിപ്പിച്ച 110 ഇന്ത്യൻ വിദ്യാർത്ഥികളെയും വഹിച്ചുകൊണ്ടുള്ള ആദ്യ വിമാനം ഇന്നലെ പുലർച്ചെ ന്യൂഡൽഹിയിലെത്തി. ഇറാനിൽ നിന്ന് പൗരന്മാരെ ഒഴിപ്പിക്കാനാണ് ഇന്ത്യ ഓപ്പറേഷൻ സിന്ധു ആരംഭിച്ചത്.

*****************************************************

## DHARMENDRA PRADHAN (INTRO)

2047 ഓടെ രാജ്യത്തെ വികസിത രാഷ്ട്രമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ യുവാക്കൾക്ക് സുപ്രധാന പങ്ക് വഹിക്കാനാകുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ. വരുന്ന രണ്ട് ദശകങ്ങളിൽ ഇന്ത്യയെ ശാക്തീകരിക്കുന്നതിന യുവതലമുറയുടെ കഠിനാധ്വാനവും ദൃഢനിശ്ചയവും കാരണമാകുമെന്ന് അദ്ദേഹം പറഞ്ഞു. രാജസ്ഥാൻ സെൻട്രൽ യൂണിവേഴ്സിറ്റിയുടെ ഒമ്പതാമത് ബിരുദദാന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

(വോയിസ്)

*****************************************************

## SIKKIM-KAILASH MANSAROVAR YATRA

ഇന്ന് ആരംഭിക്കുന്ന കൈലാസ് മാനസസരോവർ യാത്രക്കുള്ള ഒരുക്കങ്ങൾ സിക്കിമിൽ പൂർണ്ണം. നാഥു ലാ പാസിൽ ഗവർണർ ഓം പ്രകാശ് മാധൂർ യാത്ര ഫ്ലാഗ് ഓഫ് ചെയ്യും. 36 തീർത്ഥാടകരും കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിലെ രണ്ട് ഉദ്യോഗസ്ഥരുമാണ് ആദ്യ സംഘത്തിൽ ഉള്ളത്. അഞ്ച് വർഷത്തെ ഇടവേളക്ക് ശേഷമാണ് കൈലാസ് - മാനസസരോവർ തീർത്ഥാടനം പുനരാരംഭിക്കുന്നത്.

***************************************************

## INDIA- ENGLAND TEST

ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലുള്ള ടെണ്ടുൽക്കർ-ആൻഡേഴ്സൺ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം. അഞ്ച് മത്സര പരമ്പരയിലെ ആദ്യ ടെസ്റ്റ് ഇന്ന് ഇംഗ്ലണ്ടിലെ ലീഡ്സിൽ ആരംഭിക്കും. ഇന്ത്യൻ സമയം ഉച്ചക്ക് 3:30 നാണ് മത്സരം. രോഹിത് ശർമ്മ, വിരാട് കോഹ്‌ലി തുടങ്ങിയ മുതിർന്ന ബാറ്റ്സ്മാൻമാരുടെ അഭാവത്തിലാണ് ഇന്ത്യൻ സംഘം ഇന്നിറങ്ങുന്നത്. ശുഭ് മാൻ ഗില്ലാണ് ഇന്ത്യൻ ടീമിനെ നയിക്കുന്നത്.

***************************************************

## NEERAJ-PARIS DIAMOND LEAGUE 2025

ഫ്രാൻസിൽ നടക്കുന്ന പാരീസ് ഡയമണ്ട് ലീഗിൽ നിലവിലെ ജാവലിൻ ത്രോ ലോക ചാമ്പ്യൻ നീരജ് ചോപ്ര നാളെ മത്സരിക്കും. ദോഹയ്ക്ക് ശേഷം നീരജിന്റെ രണ്ടാമത്തെ ഡയമണ്ട് ലീഗ് മത്സരമാണിത്. ഇന്ത്യൻ സമയം പുലർച്ചെ 1:12 മുതൽ മത്സരം ആരംഭിക്കും

***************************************************

## ASHWINI VAISHNAV RUSSIA

കേന്ദ്ര റെയിൽവേ, വിവര- വാർത്താവിനിമയ മന്ത്രി അശ്വിനി വൈഷ്ണവ് റഷ്യൻ ഉപപ്രധാനമന്ത്രി അലക്സി ഓവർചക്കുമായി കൂടിക്കാഴ്ച നടത്തി. ഗതാഗതം, അടിസ്ഥാന സൗകര്യങ്ങൾ, അപൂർവ ലോഹങ്ങൾ തുടങ്ങിയ മേഖലകളിലെ സഹകരണം ശക്തിപ്പെടുത്തുന്നതിലാണ് ചർച്ചയിൽ ശ്രദ്ധ കേന്ദ്രീകരിച്ചത്. ഇന്നലെ സെൻറ് പീറ്റേഴ്സ്ബർഗിലാണ് ഉന്നതതല യോഗം നടന്നത്. റഷ്യൻ ഉപപ്രധാനമന്ത്രിയുമായി താൻ ഫലപ്രദമായ കൂടിക്കാഴ്ച നടത്തിയതായി വൈഷ്ണവ് സമൂഹമാധ്യമത്തിൽ പറഞ്ഞു. സെന്റ് പീറ്റേഴ്സ്ബർഗ് ഇന്റർനാഷണൽ ഇക്കണോമിക് ഫോറത്തിൽ പങ്കെടുക്കാനാണ് കേന്ദ്രമന്ത്രി റഷ്യയിലെത്തിയത്.